## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2659** **13.03.2020 ൽ മറുപടിക്ക്**

**റാന്നി വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നിയിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന പുതിയ വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; എത്ര രൂപയാണ് ഇതിനായി മാറ്റി വെച്ചിരിക്കുന്നതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാകുമെന്നും അറിയിക്കാമോ; | (എ) റാന്നി അങ്ങാടിയിൽ നിന്നും ആരംഭിക്കുന്ന റാന്നി വലിയ പാലത്തിന് 11 പിയറുകൾ ഉണ്ട്. ഇതിൽ 9 പിയറുകളുടെ ഫൗണ്ടേഷൻ പൂർത്തിയായി. നദിയിൽ ഉൾപ്പെടെ 6 പിയറുകൾ പൂർത്തിയായിട്ടുണ്ട്. 3 പിയർ ക്യാപ്പുകളും പൂർത്തിയായി. 2 സ്പാനുകളുടെ ബീമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് 24,31,61,486/- രൂപയാണ് കരാർ തുക. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 28/07/2020 ആണ്. |
| (ബി) പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എത്ര സ്ഥലം ഏറ്റെടുത്തു എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (ബി) ഈ പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| (സി) ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; ഇനി എന്തൊക്കെ നടപടികളാണ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വിശദീകരിക്കാമോ? | (സി) 31/10/2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നം. 3120/2019/ആർ.ഡി.യുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിർത്തികൾ നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 5% കണ്ടിജൻസി ചാർജ്ജ് റവന്യൂ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഇപ്പോൾ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം ടെണ്ടർ ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**